നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ ആശുപത്രികളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് നടപടി

189 (1124) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ ആയുർവേദ ഡിസ്പെൻസറികളുടെയും ആയുർവേദ ആശുപത്രികളുടെയും ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് വകുപ്പു മന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന ഉന്നതതല യോഗത്തിൽ എന്തെല്ലാം തീരുമാനങ്ങളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഈ തീരുമാനങ്ങളിൽ നാളിതുവരെ ഏതെല്ലാം നടപ്പിലാക്കിയിട്ടുണ്ട് ;

(സി) ഈ സാമ്പത്തിക വർഷത്തിൽ തന്നെ പ്രസ്തുത തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) ഒഴിവുള്ള തസ്തികകളിൽ ജീവനക്കാരെ നിയമിക്കണമെന്നും കൂടുതൽ മരുന്നുകൾ അനുവദിക്കണമെന്നുമുള്ള ആവശ്യത്തിന്മേൽ, ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മരുന്ന് ഫണ്ടിന്റെ ലഭ്യതക്ക് വിധേയമായി നല്കുന്നതാണ്. ഔഷധത്തിന്റെ കാര്യത്തിൽ വകുപ്പ് തലത്തിൽ ലഭ്യമായ ഫണ്ട് പൂർണ്ണമായും വിനിയോഗിക്കുന്നതാണ്.

തിരുവണ്ണൂർ പ്രൈമറി ഹെൽത്ത് സെന്റർ

190 (1125) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് ജില്ലയിലെ തിരുവണ്ണൂർ പ്രൈമറി ഹെൽത്ത് സെന്റർ വിപുലീകരിക്കാൻ ഉള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ടോ ; എങ്കിൽ പ്രസ്തുത പ്രൊപ്പോസൽ നടപ്പാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

കോഴിക്കോട് ജില്ലയിലെ തിരുവണ്ണൂർ പ്രൈമറി ഹെൽത്ത് സെന്റർ വിപുലീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിലില്ല. പ്രസ്തുത പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

ചേർപ്പ് ആലപ്പാട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി

191 (1126) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങളാണ് വേണ്ടത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ എത്ര ഡോക്ടർമാരുടെ തസ്തികകൾ ഉണ്ട് ; മറ്റ് സ്റ്റാഫ് എത്ര വീതം ;

(സി) ചേർപ്പ് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഡോക്ടർമാരുടെ എത്ര തസ്തികകൾ അനുവദിച്ചിട്ടുണ്ട് ;

(ഡി) ഈ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(ഇ) ചേർപ്പ് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ പ്രതിദിനം ഒ.പി.യിൽ എത്ര രോഗികളെ ശരാശരി പരിശോധിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(എഫ്) ആലപ്പാട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ അനുവദിക്കപ്പെട്ട തസ്തികകൾ എത്ര ;

(ജി) ആലപ്പാട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ എക്സ്റേ സ്ഥാപിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേന്ദ്രസർക്കാരിന്റെ മാർഗ്ഗ നിർദ്ദേശമനുസരിച്ച് ഒരു സി. എച്ച് സി.യിൽ ജനറൽ വാർഡ്, പോസ്റ്റ് ഓപ്പറേറ്റീവ് വാർഡ്, ഓപ്പറേഷൻ തീയേറ്റർ, ലേബർറൂം, ഫാർമസി റിസപ്ഷൻ, ഔട്ട് പേഷ്യന്റ് ബിൽഡിംഗ്, ഒ.പി. വാർഡ്, കൺസൾട്ടിംഗ് വാർഡ് എന്നിവയും ഇ.സി.ജി സൗകര്യം ലബോറട്ടറി സൗകര്യം, എക്സ്റേ സൗകര്യം ആൾട്രാസൗണ്ട് സംവിധാനം ബോയിൽ അപ്പാരറ്റസ് സംവിധാനം, ആംബുലൻസ് മുതലായ സൗകര്യങ്ങളും ഉണ്ടായിരിക്കേണ്ടതാണ്. കൂടാതെ ഒരു ജനറൽ ഡോക്ടർ അടക്കം താഴെ പറയുന്ന വിഭാഗത്തിലുള്ള 8 (എട്ട്) ഡോക്ടർമാരും ഉണ്ടായിരിക്കണം.

1. സർജറി
2. മെഡിസിൻ
3. ഗൈനക്കോളജി
4. പിഡിയാട്രിക്സ്
5. അനസ്തീഷ്യസ്റ്റ്
6. ഇ.എൻ.ടി.
7. ഒഫ്താൽമോളജി.

(ബി) ഒരു സി.എച്ച്.സി.യിൽ മുകളിൽ സൂചിപ്പിച്ച രീതിയിൽ ഒരു ജനറൽ ഡോക്ടറടക്കം 8 (എട്ട്) ഡോക്ടർമാർ വേണം. കൂടാതെ 6 കിടക്കകൾക്കു ഒരു സ്റ്റാഫ് നഴ്സ് വീതവും, 12 കിടക്കകൾക്കു ഒരു നഴ്സിംഗ് അസിസ്റ്റന്റ് വീതവും, 12 കിടക്കകൾക്ക് ഒരു ആശുപത്രി അറ്റൻഡർ വീതവും ഇവ കൂടാതെ 3 ക്ലാർക്കും ഒരു ടൈപ്പിസ്റ്റും ഒരു പ്യൂണും ആവശ്യമാണ്. ഇതിനു പുറമേ ഒരു ഫാർമസിസ്റ്റ് ഒരു റേഡിയോ ഗ്രാഫർ, ഒരു ലാബ് ടെക്നീഷ്യൻ, ഒരു പാർട്ട് ടൈം സ്വീപ്പർ മുതലായ തസ്തികകളും ഉണ്ടായിരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

(സി) നാല് ഡോക്ടർമാരുടെ തസ്തികൾ അനുവദിച്ചിട്ടുണ്ട്.

(ഡി) ചേർപ്പ് സി. എച്ച്. സി.യിൽ ജി.ഒ. (എം.എസ്) 443/99/ആ.കു.നം. ഉത്തരവ് പ്രകാരം റേഡിയോഗ്രാഫറുടെയും എക്സ്റേ അറ്റൻഡറുടെയും ഓരോ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. പഞ്ചായത്തിന് കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനമായതിനാൽ മറ്റ് സൗകര്യങ്ങൾ ലഭ്യമാക്കേണ്ടത് നിർദ്ദിഷ്ട പഞ്ചായത്താണ്.

(ഇ) ചേർപ്പ് പി.എച്ച്.സി.-യിൽ ഒരു ദിവസം ശരാശരി 300 രോഗികളെ ഒ.പി.യിൽ പരിശോധിക്കുന്നുണ്ട്.

(എഫ്) ആലപ്പാട് സി.എച്ച്.സിയിൽ 21 തസ്തികകളിലായി 55 ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

(ജി) എക്സ്റേ സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ പഞ്ചായത്ത് ലഭ്യമാക്കുന്ന മുറയ്ക്കു ധനലഭ്യതയ്ക്കനുസരിച്ച് പരിഗണിക്കാവുന്നതാണ്.

കായംകുളം ഗവൺമെന്റ് ഹോസ്പിറ്റൽ വികസനം

192 (1127) ശ്രീ. ജി. സുധാകരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കായംകുളം സർക്കാർ ആശുപത്രി വികസനത്തിന് സംസ്ഥാന ബഡ്ജറ്റിൽ എത്ര തുക ഇപ്പോഴുണ്ട് ; ഈ തുക ചെലവഴിച്ചോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ബി) ഇവിടത്തെ 100 കിടക്കകളുള്ള ആശുപത്രി കെട്ടിടം കഴിഞ്ഞ 5 വർഷമായി പണിയാൻ കഴിഞ്ഞിട്ടില്ലെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കാമോ ;

(സി) ഇതിന്റെ കോൺട്രാക്ടർക്കു എതിരെ നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ട് ;

(ഡി) ഇവിടത്തെ സിമന്റും കമ്പിയും ദുരുപയോഗപ്പെടുത്തി എന്ന ആക്ഷേപം ഉണ്ടായിട്ടുണ്ടോ ; എങ്കിൽ അന്വേഷിച്ച് നടപടി സ്വീകരിക്കാമോ ;

(ഇ) കോൺട്രാക്ടറുടെ മേൽ ഈ സർക്കാരിന്റെ കാലത്തു തന്നെ നടപടി സ്വീകരിച്ചും ടിയാനെ ഒഴിവാക്കിയും പണി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കായംകുളം സർക്കാർ ആശുപത്രിയിൽ 100 കിടക്കകളുള്ള വാർഡിന്റെ പണിക്കുവേണ്ടി 2000-2001 ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ള 8.54 ലക്ഷം രൂപയിൽ 4.30 ലക്ഷം രൂപക്കുമാത്രമേ അലോട്ട്മെന്റ് ലഭിച്ചിട്ടുള്ളു. ടി പണി പൂർത്തീകരിക്കുന്നതിനുള്ള സമയ പരിധി നീട്ടികൊടുത്തിട്ടില്ലാത്തതിനാൽ ടി തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly